പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2509** — **12.03.2018-ൽ മറുപടിക്ക്**

## സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അൻവർ സാദത്ത്** | **ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് കയ്യേറുന്നത് തടയുന്നതിനായി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് കയ്യേറ്റങ്ങൾ തടയുന്നതിനായി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയിട്ടുണ്ട്. അനധികൃത കയ്യേറ്റമുണ്ടെന്ന് റിപ്പോർട്ട് ലഭിച്ചാൽ ഉടനെ തന്നെ ഒഴിഞ്ഞുപോകുന്നതിനുള്ള നോട്ടീസ് നൽകുകയും, അതിർത്തി നിർണ്ണയിക്കേണ്ട സാഹചര്യങ്ങളിൽ റവന്യൂ അധികാരികളുടെ സഹായത്തോടെ ഒഴിപ്പിക്കാൻ നടപടികൾ നടത്തുന്നുണ്ട്. കയ്യേറ്റങ്ങൾ ഒഴിയാത്ത പക്ഷം നിയമ നടപടികളിലൂടെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതാണ്. ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ചിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി ദേശീയപാതാവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറേയും, സ്റ്റേറ്റ് ഹൈവേയുടേയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടേയും അതോറിറ്റിയായി നിരത്തുകളും പാലങ്ങളും വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറേയും, 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചുകൊണ്ട് 03.09.2016-ലെ സ.ഉ (കൈ) നം. 63/2016/പൊ.മ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡിലെ കയ്യേറ്റങ്ങൾ സമയാസമയങ്ങളിൽ കണ്ടെത്തി ഒഴിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ്; | (ബി) ഇത്തരം കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം കയ്യേറ്റക്കാർക്ക് നേരിട്ട് നോട്ടീസ് നൽകുകയും ഒപ്പംതന്നെ പോലീസ് മേധാവിയേയും, റവന്യൂ ഉദ്യോഗസ്ഥരേയും അറിയിക്കാറുള്ളതും നോട്ടീസ് പ്രകാരം ഒഴിഞ്ഞില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്ന് ഒഴിപ്പിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

| | |
|---|---|
| (സി) നാഷണൽ ഹൈവേകളുടെ കയ്യേറ്റം ഒഴിപ്പിക്കുന്ന ചുമതലയും പൊതുമരാമത്ത് വകുപ്പിനുണ്ടോ; വ്യക്തമാക്കാമോ; | (സി) ദേശീയപാതയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിനുണ്ട്. |
| (ഡി) കൊല്ലം - തിരുമംഗലം നാഷണൽ ഹൈവേ നം.744 ൽ കേരളപുരം മുതൽ ഇളംപള്ളൂർ വരെയുള്ള ഭാഗത്ത് അനധികൃതമായി കച്ചവടസ്ഥാപനങ്ങൾ റോഡരുകിൽ താല്ക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ച് റോഡ് പുറമ്പോക്ക് കയ്യേറിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിക്കൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കാരണം കയ്യേറ്റക്കാർ കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തതിനാൽ ഒഴിപ്പിക്കൽ തൽക്കാലം നിർത്തി വയ്ക്കേണ്ടി വന്നു. |

സെക്ഷൻ ഓഫീസർ